**എം ജി ബി എഡ് ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബി എഡ് പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

മാനേജുമെൻറ്, കമ്മ്യൂണിറ്റി വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷാ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകേണ്ടതുമാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷാ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകേണ്ടതുമാണ്.. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്ത ആർക്കും തന്നെ മാനേജുമെൻറ്, കമ്മ്യൂണിറ്റി ക്വാട്ടാകളിലേക്ക് അപേക്ഷിക്കാൻ സാധിക്കുന്നതല്ല.

വികലാംഗ/സ്പോട്സ് ക്വോട്ടാ വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് ഓൺലൈനായി അപേക്ഷിക്കണം. പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് സർവ്വകലാശാല പ്രസിദ്ധീകരിക്കുന്നതും രേഖകളുടെ പരിശോധന അതത കോളേജുകളിൽ ഓൺലൈനായി നടത്തുന്നതുമാണ്.

കോവിഡ് 19 വൈറസ് വ്യാപനത്തിൻെറ സാഹചര്യത്തിൽ പ്രവേശനം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാവും നടത്തുക. ആയതിനാൽ അപേക്ഷകർ സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പ് അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതായുണ്ട്. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ ഓൺലൈൻ അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അപേക്ഷിക്കുന്നതിനു അക്ഷയ കേന്ദ്രങ്ങളെ ആശ്രയിക്കുന്നവർ തിക്കും തിരക്കും ഒഴിവാക്കി സാമൂഹ്യ അകലം പാലിച്ചു കൊണ്ട് അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

പ്രോസ്പെക്ടസിൽ പറയും പ്രകാരം സംവരണാനുകൂല്യത്തിനായി ആവശ്യമായ സാക്ഷ്യപത്രങ്ങളാണ് അപ്ലോഡ് ചെയ്തിരിക്കുന്നത് എന്നു അപേക്ഷകൻ ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനു വിരുദ്ധമായി ഏതെങ്കിലും സാക്ഷ്യപത്രങ്ങൾ അപ്ലോഡ് ചെയ്ത പക്ഷം പ്രവേശനം റദ്ദാക്കപ്പെടുന്നതിനു സാധ്യതയുണ്ടെന്നതിനാൽ ഏവരും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണമെന്നു അഭ്യർത്ഥിച്ചു കൊള്ളുന്നു. പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ സംവരണാനുകൂല്യം തെളിയിക്കുന്നതിനായി ജാതി സർട്ടിഫിക്കറ്റും എസ് ഇ ബി സി/ഒ ഇ സി വിഭാഗത്തിൽപ്പെടുന്നവർ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യേണ്ടതാണ്. ഇ ഡബ്ല്യു എസ് വിഭാഗത്തിൻെറ ആനുകൂല്യം അവകാശപ്പെടുന്നവർ 'ഇൻകം ആൻഡ് അസ്സറ്റ്സ് സർട്ടിഫിക്കറ്റ്' അപ്ലോഡ് ചെയ്യേണ്ടതാണ്. സംവരണാനുകൂല്യം ആവശ്യമില്ലാത്ത പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്ക് പൊതു വിഭാഗം സെലക്ട് ചെയ്യുകയോ വരുമാനം 8 ലക്ഷത്തിൽ കൂടുതലായി നൽകിയതിനു ശേഷം സംവരണം ആവശ്യമില്ലാ എന്ന ഓപ്ഷൻ തെരഞ്ഞെടുക്കാവുന്നതോ ചെയ്യാവുന്നതാണ്. എൻ സി സി /എൻ എസ് എസ് എന്നീ വിഭാഗങ്ങളിൽ ബോണസ് മാർക്ക് ക്ലെയിം ചെയ്യുന്നവർ ബിരുദ തലത്തിലെ സാക്ഷ്യപത്രങ്ങളാണ് അപ് ലോഡ് ചെയ്യേണ്ടത്. ഇതേ പോലെ തന്നെ വിമുക്തഭടൻ/ജവാൻ എന്നിവരുടെ ആശ്രിതർക്ക് ലഭ്യമാവുന്ന ബോണസ് മാർക്കിനായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നിന്നും ലഭ്യമാവുന്ന

സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇതിനായി ആർമി/നേവി/എയർഫോഴ്സ് എന്നീ വിഭാഗങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

രജിസ്ടേഷൻ ഫീസ് എസ്.സി/എസ്.ടി വിഭാഗത്തിന് 625 രൂപയും മറ്റുള്ളവർക്ക് 1250 രൂപയുമാണ്. ഓൺലൈൻ രജിസ്ട്രേഷനായി cap.mgu.ac.in എന്ന വെബ്സൈറ്റ സന്ദർശിക്കുക. ക്യാപ് സംബന്ധമായ എല്ലാ വിശദ വിവരങ്ങളും cap.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.